**T2/10690/20/DTE**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി 05.06.2020

## സർക്കുലർ

വിഷയം: വിദ്യാഭ്യാസം-സാങ്കേതികം-കോവിഡ്19-വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പൊതു നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്

സൂചന:
1. ഈ ഓഫീസിലെ 26.5.2020 തീയതിയുള്ള ഇതേ നമ്പർ സർക്കുലർ
2. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് സ.ഉ. (കെ)നം.199/2020/ഉ.വി.വ തീയതി തിരുവനന്തപുരം 28.05.2020
3. ഈ ഓഫീസ് സർക്കുലർ ഇ.എ2/4127/20/ഡി.ടി.ഇ. തീയതി 29.05.2020
4. ഈ ഓഫീസ് സർക്കുലർ സി.1/301/20/ഡി.ടി.ഇ. തീയതി 04.06.2020

പുതിയ അധ്യയന വർഷത്തിൽ 2020 ജൂൺ ഒന്നിന് തന്നെ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നു. പുതിയ അധ്യയന വർഷത്തിൽ കുട്ടികൾക്കുള്ള ക്ലാസ്സുകൾ നഷ്ടപ്പെടാതിരിക്കുന്നതിനും സ്ഥാപനങ്ങൾ സുഗമമായി പ്രവർത്തിപ്പിക്കുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**

1. സ്ഥാപനങ്ങളിലെ അദ്ധ്യയന സമയം രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ആയിരിക്കും.

2. റഗുലർ ക്ലാസ്സുകൾ ആരംഭിക്കുന്നത് വരെ എല്ലാ സ്ഥാപനങ്ങളിലും എല്ലാ അദ്ധ്യാപകരും അവരുടേതായ വിഷയത്തിൽ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അപ്രകാരം ഓരോ സ്ഥാപനങ്ങളിലും ഹാജരായി ഓൺലൈൻ ക്ലാസ്സുകളെടുക്കുന്ന അദ്ധ്യാപകരുടെ പേര്, വിഷയം, എടുക്കുന്ന പാഠഭാഗം, പങ്കെടുത്ത കുട്ടികളുടെ വിവരങ്ങൾ, ഓൺലൈൻ ക്ലാസ്സുകളെടുക്കാൻ ഉപയോഗിച്ച സംവിധാനം, ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കാത്ത അദ്ധ്യാപകരുടെ വിവരങ്ങൾ എന്നിവ അടങ്ങുന്ന വിശദമായ റിപ്പോർട്ട് എല്ലാ സ്ഥാപനമേധാവികളും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

3. അതത് ജില്ലയിലെ അദ്ധ്യാപകർക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ, അവർ ആയത് സ്ഥാപനമേധാവിയെ അറിയിക്കേണ്ടതും, അവരുടെ താമസസ്ഥലത്ത് നിന്ന് തന്നെ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും ആണ്.

അപ്രകാരം എത്തിച്ചേരാൻ കഴിയാതിരിക്കുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങൾ, എത്തിച്ചേരാൻ കഴിയാത്തതിന്റെ കാരണം എന്നിവയും, നടത്തപ്പെടുന്ന ക്ലാസ്സുകളുടെ വിവരം, വിഷയം, പങ്കെടുത്ത കുട്ടികളുടെ വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്.

4. സ്ഥാപനമേധാവിയുടെ നിർദ്ദേശമനുസരിച്ച്, സ്ഥാപനത്തിൽ വന്ന് ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്ന അദ്ധ്യാപകർ, വീട്ടിൽ നിന്നും ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്ന അദ്ധ്യാപകർ (അന്യജില്ലയിലുള്ളവർ ഉൾപ്പെടെ) സ്ഥാപനത്തിൽ തയ്യാറാക്കുന്ന റോസ്റ്റർ അനുസരിച്ച് റൊട്ടേഷൻ വ്യവസ്ഥയിൽ ഹാജരായി ജോലിയിൽ ഏർപ്പെടുന്ന ജീവനക്കാർ, സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യുന്ന ജീവനക്കാർ, ഇവർ ഒഴികെയുള്ളവർ അതത് ജില്ലാ കളക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ ഏതെങ്കിലും വിദ്യാർത്ഥികൾക്ക് ആയത് പ്രയോജനപ്പെടുത്തുവാൻ സാങ്കേതികമായി കഴിയുന്നില്ല എങ്കിൽ അവർക്ക് അടുത്തുള്ള അക്ഷയ സെന്റർ, കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, ലൈബ്രറി കൗൺസിൽ, എൽ.എസ്.ജി.ഡി, മറ്റ് പ്രാദേശിക സൗകര്യങ്ങൾ എന്നിവ ലഭ്യമാണെന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

6. ടി സൗകര്യങ്ങൾ ഒന്നും തന്നെ പ്രയോജനപ്പെടുത്തുവാൻ കഴിയാത്തവർക്ക് മറ്റ് സൗകര്യങ്ങളായ റേഡിയോ, ടി.വി എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുവാൻ കഴിയുമെങ്കിൽ ആയത് ആവശ്യമായ കുട്ടികളുടെ എണ്ണം, ഉപയോഗിക്കുവാൻ കഴിയുന്ന സംവിധാനം എന്നിവ സംബന്ധിച്ച വിശദ വിവരം ഈ ഓഫിസിനെ അറിയിക്കേണ്ടതാണ്.

7. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾ ആ വിവരം ബന്ധപ്പെട്ട എച്ച്.ഒ.ഡി യെ/ട്യൂട്ടർമാരെ അറിയിക്കാനാവശ്യമായ നിർദ്ദേശം വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

8. ഓൺലൈൻ ക്ലാസ്സുകളിൽ ഒരു തരത്തിലും പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ (പേര്, കോഴ്സ്, സെമസ്റ്റർ, ഫോൺ നമ്പർ, പഞ്ചായത്ത്, ജില്ല എന്നിവ) സ്ഥാപന തലത്തിൽ ക്രോഡീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

9. ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചായിരിക്കണം സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കേണ്ടത്. എല്ലാ സ്ഥാപനങ്ങളിലും ആവശ്യാനുസരണം മാസ്ക്ക്, സാനിടൈസർ എന്നിവ വാങ്ങി ആവശ്യക്കാർക്ക് ലഭ്യമാക്കേണ്ടതാണ്. തെർമൽ സ്കാനർ, അനുബന്ധ സംവിധാനങ്ങൾ ഇവ ആവശ്യാനുസരണം സ്ഥാപനത്തിൽ ഉണ്ടാകണം. ഇതുമായി ബന്ധപ്പെട്ട ചിലവ് സ്ഥാപനം വഹിക്കേണ്ടതാണ്.

10. പരീക്ഷാ സംബന്ധമായും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾക്കും ജീവനക്കാരെ ആവശ്യമെങ്കിൽ വിളിച്ചു വരുത്താൻ സ്ഥാപനമേധാവിക്ക് അക്കാദമിക്ക് കൗൺസിലിൽ തീരുമാനമെടുത്ത് നടപ്പാക്കാവുന്നതാണ്.

11. അക്കാദമിക പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് അത്യാവശ്യമെങ്കിൽ മാത്രം ഗസ്റ്റ് ഫാക്കൽറ്റിയുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ടി നിയമനത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

12. സർക്കാർ നിർദ്ദേശം നടപ്പാക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം എത്രയും വേഗം പ്രസ്തുത വിവരം വകുപ്പ് മേധാവിയെ അറിയിക്കേണ്ടതാണ്.

13. GCI, GIFD, THS എന്നിവയ്ക്ക് ആവശ്യമായ അക്കാദമിക്ക് പ്രവർത്തനങ്ങൾ SITTTR ക്രോഡീകരിക്കുന്നതാണ്.

14. വകുപ്പിനു കീഴിലെ ഫൈൻ ആർട്സ് കോളേജുകളുടെ ഓൺലൈൻ ക്ലാസുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഈ കാര്യാലയത്തിൽ നിന്ന് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഡോ. സിസ തോമസ്
ഡയറക്ടർ ഇൻ ചാർജ്ജ്